**അൽ അമീനിൽ സംരംഭകത്വ ശില്പശാല**

# പുതിയ തലമുറ സംരംഭങ്ങളുമായി എത്തുന്നത് പ്രതീക്ഷ -മന്ത്രി പി. രാജീവ്



▶ എടത്തല അൽ അമീൻ കോളേജിൽ നടത്തിയ സംരംഭകത്വ ശില്പശാല വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

**ആലുവ▸** പുതിയ തലമുറ സംരംഭങ്ങളുമായി എത്തുന്നത് പ്രതീക്ഷയാണെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭക (എം.എസ്.എം.ഇ.) മന്ത്രാലയത്തിന്റെയും തൃശ്ശൂർ എം.എസ്.എം.ഇ. ഡെവലപ്മെന്റ് ഫെസിലിറ്റേഷൻ സെന്ററിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ സംരംഭകത്വ ശില്പശാല എടത്തല അൽ അമീൻ കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വ്യവസായങ്ങൾ തിരഞ്ഞെടുക്കുന്നതിനും വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനും മാർഗനിർദേശങ്ങൾ സെമിനാറിൽ അവതരിപ്പിച്ചു. അൽ അമീൻ കോളേജിന്റെ പുതിയ വാർത്താ ചാനലായ അൽ അമീൻ വിഷന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

തൃശ്ശൂർ ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ ജി.എസ്. പ്രകാശ് അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ആൻഡ് പ്രോഗ്രാം കോ-ഓർഡിനേറ്റർ യു.സി. ലച്ചിതാ മോൾ, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ്, അൽ അമീൻ കോളേജ് മാനേജർ ഡോ. ജുനൈദ് റഹ്മാൻ, പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, ഐ.ഇ.ഡി.സി. നോഡൽ ഓഫീസർ നിഷ ജോസഫ്, ഐ.ഐ.സി. പ്രസിഡന്റ് ഡോ. എൻ. കല എന്നിവർ സംസാരിച്ചു.

മാതൃഭൂമി 27/9/2022



വ്യവസായ സംരംഭക മന്ത്രാലയത്തിന്റെയും തൃശൂർ എംഎസ്എംഇ ഡവലപ്മെന്റ്-ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ എടത്തല അൽഅമീൻ കോളജിൽ നടത്തിയ സംരംഭകത്വ ശിൽപശാല മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. യു.സി. ലച്ചിതമോൾ, നിഷ ജോസഫ്, ഡോ. ജുനൈദ് റഹ്മാൻ, ഡോ. സിനി കുര്യൻ, ജി.എസ്. പ്രകാശ്, പി.എ. നജീബ്, ഡോ. എൻ. കല എന്നിവർ സമീപം.

# സംരംഭകത്വ ശിൽപശാല നടത്തി

ആലുവ● സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭക മന്ത്രാലയത്തിന്റെയും തൃശൂർ എംഎസ്എംഇ ഡവലപ്മെന്റ്-ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ എടത്തല അൽ അമീൻ കോളജിൽ സംരംഭകത്വ ശിൽപശാല നടത്തി.

മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. അൽഅമീൻ കോളജ് ആരംഭിച്ച ന്യൂസ് ചാനൽ അൽഅമീൻ വിഷന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഫെസിലിറ്റേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ ജി.എസ്. പ്രകാശ്, അസി. ഡയറക്ടർ യു.സി. ലച്ചിതമോൾ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ്, അൽഅമീൻ കോളജ് മാനേജർ ഡോ. ജുനൈദ് റഹ്മാൻ, പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, ഐഇഡിസി നോഡൽ ഓഫിസർ നിഷ ജോസഫ്, ഐഐസി പ്രസിഡന്റ് ഡോ. എൻ. കല എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ 27/9/2022